നം.കെ.എസ്.എ-ഐ.ഡി.കെ-13/1148/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ. തിയതി.24.09.2018
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,
മരിയാപുരം ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം:- മരിയാപുരം ഗ്രാമ പഞ്ചായത്ത്-2017-18- സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- പുറപ്പെടു വിക്കുന്നത് സംബന്ധിച്ച്.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്തരാജ് നിയമം, വകുപ്പ്, 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടിമാലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പേർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരളാ പഞ്ചായത്ത് രാജ് –പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15) .

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ (15)1, ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് –പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക) .

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്,
1.ഡയറക്ടർ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരി പത്രം സഹിതം)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി ,തൊടുപുഴ.
3.കാര്യാലയ പ്രതി.

നം.കെ.എസ്.എ-ഐ.ഡി.കെ.13/1148/2018 തീയതി:24.09.2018

## ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യപത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994-ലെ കേരളാ പഞ്ചായത്ത് നിയമം വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.07.2017 മുതൽ 16.07.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾക്ക് അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ നാലെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

(എ). ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.വി.സിനി., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16/7/2018 മുതൽ 24/7/2018 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.കെ.വിനോദ് | ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.ജിബി.ഇ.വി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അനിറ്റ പി.സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ഡോളി ജോസ് | 1.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ.വിനുകുമാർ.എസ്.പി | 1.4.2017 മുതൽ 31.3.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീ.ബിനു,കെ.വി | 1.4.2017 മുതൽ 31.3.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.റാണി ജേക്കബ് | 1.4.2017 മുതൽ 31.7.2017 വരെ |
| | ശ്രീ.അനിൽകുമാർ.യു.എൻ. | 1.8.2017 മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ജയലക്ഷ്മി പി.എസ് | 01.04.2017മുതൽ 28.11.2017 വരെ |
| | ശ്രീമതി.രജിക എം.എച്ച് | 29.11.2017 മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.ദിലീപ് വർഗ്ഗീസ് | 1.4.2017 മുതൽ 31.3.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.സൗമ്യ | 1.4.2017 മുതൽ31.3.2018വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ജീന മേരി | 1.4.2017 മുതൽ 8.8.2017 വരെ |
| | ഡോ.ഷീന എം.കെ. | 09.08.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സൂര്യമോൾ.വി.എസ്. | 1.4.2017 മുതൽ 22.8.2017 വരെ |
| | ഡോ.അനിതാ ഭട്ട് | 23.8.2017 മുതൽ 31.3.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.കെ.ഓമനക്കുട്ടൻ | 1.4.2017 മുതൽ 31.3.2018 വരെ |
| വി.ഇ.ഒ. | ശ്രീമതി.ജ്യോതിമോൾ | 1.4.2017 മുതൽ 31.3.2018 വരെ |
| എച്ച്.എം, എൽ.പി.സ്കൂൾ | ശ്രീമതി.മേരിക്കുട്ടി മൈക്കിൾ | 1.4.2017 മുതൽ 31.3.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഖണ്ഡിക നം. | ഖണ്ഡിക |
|---|---|---|
| 1 | 1-1 | ബജറ്റ്. |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം. |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ. |
| 9 | 1-9 | കാഷ് വെരിഫിക്കേഷൻ. |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം. |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം-2. വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ. | | |
| 13 | 2-1 | ഇ-ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിക്കുന്നില്ല. |
| 14 | 2-2 | പൊതുമരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 15 | 2-3 | വാടക നിശ്ചയിച്ചിട്ടില്ല- വരുമാനം നഷ്ടമാകുന്നു. |
| ഭാഗം-3 .ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | എൻ.ആർ.എച്ച്.എം.ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ പണം നൽകിയിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല- |

| | | |
|---|---|---|
| 17 | 3-2 | പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് /സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല |
| 18 | 3-3 | കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികളുടെ പദ്ധതികൾ തയ്യാറാക്കുന്നതിനാൽ പദ്ധതികളുടെ തുടർച്ച ഉറപ്പാക്കുവാൻ കഴിയുന്നില്ല |
| 19 | 3-4 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് ടച്ച് സ്ക്രീൻ കിയോസ്ക്ക് വാങ്ങിയത് ഉപയോഗക്ഷമമാക്കി യിട്ടില്ല. |
| ഭാഗം-4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 20 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം. |
| 21 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ. |
| 22 | 4-3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ. |
| 23 | 4-4 | വായ്പ / വായ്പാ തിരിച്ചടവ്. |
| 24 | 4-5 | സ്ഥിര നിക്ഷേപങ്ങൾ. |
| 25 | 4-6 | ഓഡിറ്റ് റിക്കവറി. |
| 26 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 27 | 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 28 | 4-9 | ഓഡിറ്റ് പ്രത്യവലോകനം. |
| 29 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടു കൾ |
| അനുബന്ധം | | |
| 30 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. |
| 30 | അനുബന്ധം-2 | 1) റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>2) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>3) ബാലൻസ് ഷീറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 15.02.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ഇത് പ്രകാരം മുന്നിരിപ്പ് ₹14338281/-, വരവ് ₹95239969/-, ചെലവ് ₹108916113/-, നീക്കിയിരിപ്പ് ₹662137/- ഇപ്രകാരമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.7.2018 | 25.4.2018 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018 - 23.06.2018 | നം.കെ.എസ്.എ-ഐ.ഡി.കെ-13/677/2018(4) തീ.29.08.2018 |

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 36,69,527.82 |
| വരവ് | 3,80,08,765.00 |
| ആകെ | 4,16,78,292.82 |
| ചെലവ് | 3,73,77,673.00 |
| നീക്കിയിരിപ്പ് | 43,00,619.82 |

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 9364000 | 9364000 | 9364000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1046361 | 1046361 | 1046361 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 134945 | 134945 | 134945 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് (ACR പ്രകാരം) | 0 | 4912000 | 4912000 | 4165171 | 746829 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ്(ACR പ്രകാരം) | 0 | 2591000 | 2591000 | 2584079 | 6921 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4397820 | 4397820 | 4274372 | 123448 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1805815 | 1805815 | 1746452 | 59363 |
| സാക്ഷരത | | 2095 | 81 | 2176 | 0 | 2176 |
| ദുരിതാശ്വാസനിധി | | 3853 | 146 | 3999 | 0 | 3999 |
| എം.ജി.എൻ.ആർ. ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 27706737 | 27706737 | 27706737 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 114018 | 1334754 | 1448772 | 1442277 | 6495 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | എസ്.എസ്.എ. | 15173.80 | 588 | 15761.80 | 0 | 15761.80 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 300000 | 300000 | 0 | 300000 |
| | ജില്ലാ പഞ്ചായത്ത് | 0 | 100000 | 100000 | 100000 | 0 |
| ബി ഫണ്ട് | | 0 | 18414100 | 18414100 | 18414100 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 4749223 | 4749223 | 4749223 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2930188.36 | 9014728 | 11944916.36 | 8122160 | 3822756.36 |
| | ട്രഷറി അക്കൗണ്ട് | 584310 | 4804923 | 5389233 | 5295584 | 93649 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരംചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| എണ്ണം | | | | | | |
| 127 | 38325504 | 95 | 24571958 | 5 | 27 | 75 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 114018 | 13,34,754 | 1448772 | 1442277 | 6495 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27706737 | 27706737 | 27706737 | 0 |
| ആകെ | 2095 | 3,66,25725 | 3,66,27,820 | 36621325 | 6495 |

## 1-8 ക്ഷേമ പദ്ധതികൾ.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7,800 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 33,58,700 | 299 |
| വിധവ പെൻഷൻ | 42,40,100 | 358 |
| വാർദ്ധക്യകാല പെൻഷൻ | 88,53,200 | 703 |
| വികലാംഗ പെൻഷൻ | 18,33,800 | 162 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 60,500 | 7 |

## 1-9 കാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 18.7.2018-ൽ സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4166/-യുടെ നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു

.

## 1-10 ആഭ്യന്തര നിയന്ത്രണം.

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി പിരിച്ചെടുക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മിറ്റി നിർദ്ദേശം നൽകിയതായി കാണുന്നുവെങ്കിലും ഇതിന്റെ പുരോഗതി പ്രതിമാസം വിലയിരുത്തുന്നതായി കാണുന്നില്ല. സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.പഞ്ചായത്തിന്റെ ഭരണ നിർവ്വഹണം സാദ്ധ്യമാവുന്നത് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ മുഖേനയാണ്. പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നീ ഘട്ടങ്ങളിൽ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ തുടർച്ചയായ ഇടപെടലുകളും നിർദ്ദേശങ്ങളും ഉണ്ടാകേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവ് ചെലവുകൾ ഓഡിറ്റ് ചെയ്യണം എന്ന നിബന്ധന പാലിച്ചിട്ടില്ല. വരവു ചെലവുകൾ അംഗീകരിച്ചു എന്ന രേഖപ്പെടുത്തൽ നടത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്. ഓഫീസ് സംവിധാനം കുറ്റമറ്റതാക്കുക, ഫ്രണ്ട് ഓഫീസ് സംവിധാനം യഥാവിധി പ്രവർത്തിക്കുന്നുണ്ടോ എന്ന് വിലയിരുത്തുക,

ഓഫീസ് മീറ്റിംഗുകൾ വിളിച്ചുചേർത്ത് സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുക എന്നിവയിൽ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഇനിയും ഉണ്ടാകേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7/2018 | 6/2018 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറൽ | 16.6.2011 | 2009-10 | 16.12.2011 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1) വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയും രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2) വസ്തു നികുതിയുടെയും ഡി.ആന്റ് ഒ.യും ഡി.സി.ബി.തയ്യാറാക്കിയിട്ടില്ലാത്തതിനാൽ അവയുടെ കൃത്യത വ്യക്തമല്ല.

3) ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി പരിപാലിക്കാത്തതിനാൽ പ്രസ്തുത ഇനത്തിൽ തുകയുടെ കൃത്യത വ്യക്തമല്ല.

4) ആർജ്ജിച്ച ആസ്തികളുടെ വിലനിർണ്ണയം നടത്തി ധനകാര്യ പത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഈ-ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിക്കുന്നില്ല.

2017-18 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയപ്പോൾ പഞ്ചായത്തിന് ലഭിക്കേണ്ടതായ ടെണ്ടർ ഫീസ് ലഭിച്ചിട്ടില്ല. നിലവിലുള്ള ടെണ്ടർ സംവിധാനം അനുസരിച്ച് ടെണ്ടർ ഫീ ഇടുക്കി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. ലഭിക്കാനുള്ള തുക സംബന്ധിച്ച് അസി. എൻജിനീയറുടെ പക്കൽ രേഖകളോ കണക്കോ ഇല്ല. ആയതിനാൽ ഈയിനത്തിൽ എത്ര രൂപ കിട്ടുവാനുണ്ട് എന്ന് കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ലഭിക്കാനുള്ള ടെണ്ടർ ഫീ കണക്കാക്കി വാങ്ങുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 പൊതുമരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി 2017-18 വർഷം മാത്രം സെക്യൂരിറ്റി നിക്ഷേപമായി ₹638950/-യുടെ സ്ഥിര നിക്ഷേപ രസീതുകൾ അസി.എൻജിനീർ കൈവശം വച്ചിരിക്കുന്നു. എന്നാൽ ഈ തുക ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. നാളിതുവരെ കൈവശമുള്ള സെക്യൂരിറ്റി നിക്ഷേപത്തിന്റെ പൂർണ്ണമായ കണക്കുകൾ പരിശോധിച്ച് ഉറപ്പുവരുത്തി സ്ഥാപനത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വാടക നിശ്ചയിച്ചിട്ടില്ല- വരുമാനം നഷ്ടമാകുന്നു.

മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഇടുക്കിയിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന കെട്ടിടങ്ങൾ

വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാടക നിശ്ചയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| സ്ഥാപനം | സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|
| സോയിൽ കൺസർവേഷൻ ഓഫീസ്, ഇടുക്കി | എൻ.സി.ജോർജ് മെമ്മോറിയൽ ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് , ഇടുക്കി |
| അക്ഷയ സെന്റർ | എൻ.സി.ജോർജ് മെമ്മോറിയൽ ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ്, ഇടുക്കി |
| വാണിജ്യ നികുതി ഓഫീസ്, ഇടുക്കി | എസ്. സി. വനിതാ സാംസ്കാരിക നിലയം, ഇടുക്കി |

എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിയ കെട്ടിടമുൾപ്പെടയാണ് വാടക നിശ്ചയിച്ച് കരാറിലേർപ്പെടാതെ നൽകിയിരിക്കുന്നത്. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിരിക്കുന്നത് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ശ്രീ.എൻ.സി.ജോർജ്ജ് മെമ്മോറിയൽ ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ മണ്ണ് സംരക്ഷണ ഓഫീസിന് വാടകയ്ക്ക് നൽകിയത് 30.10.2017ലെ അടിയന്തിര യോഗത്തിലെ 1-ാം നമ്പർ തീരുമാനപ്രകാരമാണ്. വാടക നിശ്ചയിച്ച് സ്ഥാപനവുമായി കരാറിലേർപ്പെടുന്നതിന് സെക്രട്ടറിയെ കമ്മറ്റി ചുമതലപ്പെടുത്തിയെങ്കിലും നാളിതുവരെയായി അപ്രകാരം ചെയ്തിട്ടില്ല.

കൂടാതെ എൻ. സി. ജോർജ് മെമ്മോറിയൽ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സിലെ 3 (മൂന്ന് )മുറികൾ നാളിതുവരെയായി വാടകയ്ക്ക് നൽകിയിട്ടില്ല. വാടക നിശ്ചയിച്ചിട്ടില്ലാത്തത് പിന്നീടുള്ള ഒരു യോഗങ്ങളിലും കമ്മറ്റി ചർച്ച ചെയ്യുകയോ നിർദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. വരുമാനം താരതമ്യേന വളരെ കുറവായ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ശുപാർശകളും നിർദേശങ്ങളും നൽകേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിഗണിച്ചിട്ടില്ല. വാടക നിശ്ചയിക്കാത്തതിനും കരാറിലേർപ്പെടാത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. (4) നൽകിയെങ്കിലും മറുപടി നൽകിയില്ല. മേൽ സ്ഥാപനങ്ങളുമായി വാടക നിശ്ചയിച്ച് കരാറിലേർപ്പെടേണ്ടതും സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചതുമുതൽ നാളിതുവരെയുള്ള വാടക ഈടാക്കേണ്ടതുമാണ്. ജനറൽ കമ്മറ്റി, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 09.02.2018ലെ 4-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 2 മുറികളുള്ള വെയിറ്റിംഗ് ഷെഡുകളിൽ ഷട്ടർ ഘടിപ്പിച്ച് വാടകയ്ക്ക് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ജനറൽ കമ്മറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട് എന്നാൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രാവർത്തികമാക്കുവാൻ സാധിക്കുന്ന പദ്ധതികളാണെങ്കിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഷട്ടറുകൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന ഇത്തരമൊരു നിർദ്ദേശം നൽകിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നടപടി അഭിനന്ദനാർഹമാണ്. ശുപാർശകൾ നൽകുന്നതിനോടൊപ്പം ആയതിന്റെ തുടർ നടപടികൾ നിരീക്ഷിക്കുന്നതിലേക്ക് കൂടി കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എൻ.ആർ.എച്ച്.എം.ഹോമിയൊ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ പണം നൽകിയിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല-

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 'ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ' എന്ന പദ്ധതി (നം.32/18) പ്രകാരം ബിൽ നം.4/2017-18 തി.28.3.2018 ആയി ₹.50,000/- ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പണം നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ആവശ്യപ്പെട്ട മരുന്ന് ലഭിച്ചിട്ടില്ല. അടിയന്തിരമായി ലഭിക്കേണ്ട മരുന്നുകൾ യഥാസമയം കിട്ടാതെ വരുന്നത് ഗൗരവമായ വിഷയമാണ്. കാലവിളമ്പം അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-2 പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് /സ്റ്റാന്റിംഗ് കമ്മിറ്റി കളുടെ പ്രവർത്തനം കാര്യക്ഷമമല്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ പ്രക്രിയയിൽ പ്രാഥമിക ചുമതല വഹിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നിട്ടും 2017-18 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി ചേരുകയോ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ബുക്കിൽ പേജ് നമ്പർ 9 ൽ 8 പേരും പേജ് നമ്പർ 11 ൽ 3 പേരും പേരെഴുതി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റ് രേഖപ്പെടുത്തലുകൾ ഒന്നും ഇല്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്തുക, ആവശ്യമായ യോഗങ്ങൾ യഥാസമയം വിളിച്ച് ചേർക്കുക, ആവശ്യമായ തീരുമാനങ്ങൾ യഥാസമയം ഭരണ സമിതിയിൽ എടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക, ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുക, പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തയ്യാറാക്കേണ്ട എല്ലാ രേഖകളും കൃത്യമായും ചിട്ടയായും തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക, ആവശ്യമായ മുഴുവൻ രേഖകൾ സഹിതം പദ്ധതി യഥാസമയം പരിശോധനയ്ക്കായി സമർപ്പിക്കുക, പദ്ധതി പരിശോധനാ ഘട്ടത്തിൽ കാണുന്ന ന്യൂനതകൾ യഥാസമയം പരിഹരിച്ച് നൽകുക എന്നിവ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ് എന്നിരിക്കെ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം നാമമാത്രമായി പോലും നടക്കാത്തത് ഗൗരവമായി കാണേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് ചർച്ചകൾ നടത്തുവാൻ കഴിയാത്തതിനാലാവാം പഞ്ചായത്തിൽ നൂതനമായ കാഴ്ചപ്പാടോടുകൂടിയ യാതൊരു പദ്ധതിയും വിഭാനം ചെയ്ത് ഏറ്റെടുത്തിട്ടില്ല. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-3 കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികളുടെ പദ്ധതികൾ തയ്യാറാക്കുന്നതിനാൽ പദ്ധതികളുടെ തുടർച്ച ഉറപ്പാക്കുവാൻ കഴിയുന്നില്ല

ഗ്രാമ പഞ്ചായത്തുകൾ പഞ്ചായത്ത് പ്രദേശത്തെ ആകെ റോഡുകളുടെ സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു കണക്ടിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതും പദ്ധതികൾ തയ്യാറാക്കുമ്പോൾ പഞ്ചായത്തിനെ ആകെ ഒരു യൂണിറ്റായി കണ്ട് റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതുമാണ്. എന്നാൽ മരിയാപുരം ഗ്രാമ പഞ്ചായത്തിൽ കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. റോഡ് പ്രവൃത്തികൾ വിഭാവനം ചെയ്യുന്നതും നിർവ്വഹണം നടത്തുന്നതും കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ അല്ലാത്തതിനാൽ പദ്ധതികളുടെ ഒരു തുടർച്ച സാദ്ധ്യമാകുന്നില്ല. റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിലും

അളവ് ബുക്കിലും ചെയിനേജ് രേഖപ്പെടുത്തുന്നില്ല. ആയതിനാൽ മുൻവർഷങ്ങളിൽ നടത്തിയ റോഡ് പ്രവൃത്തികളുടെ തുടർച്ച സാദ്ധ്യമല്ലാതാകുന്നു. ഈ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 പഞ്ചായത്ത് ഓഫീസിലേയ്ക്ക് ടച്ച് സ്ക്രീൻ കിയോസ്ക് വാങ്ങിയത് ഉപയോഗക്ഷമമാക്കിയിട്ടില്ല.

| പദ്ധതി | ചെലവ് തുക ₹. | ബിൽ നമ്പർ തിയതി |
|---|---|---|
| പഞ്ചായത്ത് ഓഫീസിലേയ്ക്ക് ടച്ച് സ്ക്രീൻ കിയോസ്കും സെർവറും- നം.125/18<br>അടങ്കൽ ₹4,06,863/- | 1,14,716/- | ബിൽ നം.27/17-18 തി.18.1.2018 |
| | 2,784/- | ബിൽ നം.28/17-18 തി.18.1.2018 |
| ആകെ | 1,17,500 | |

പഞ്ചായത്തുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് അറിയേണ്ട വിവരങ്ങൾ കംപ്യൂട്ടർ മുഖേന നേരിട്ട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മേൽ പദ്ധതി പ്രകാരം വാങ്ങിയ ടച്ച് സ്ക്രീൻ കിയോസ്ക് മാസങ്ങൾ കഴിഞ്ഞിട്ടും സ്ഥാപിച്ചിട്ടില്ല. ഓഫീസ് സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ മേഖലയിൽ പദ്ധതി നടത്തിപ്പിൽ വന്ന കാലതാമസം ഒഴിവാക്കുന്നതിന് ഫലപ്രദമായ ഇടപെടൽ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി | 0 | 300000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-3 മൊബലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവനവായ്പ | ജി.ഒ(എം.എസ്)1045/10/ എൽ.എസ്.ജി.ഡി. തീ.27.03.10 | 7950000 | 2043200 | 901103 | | 1142097 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-200 | 3-40 | 2001-02 | V.6.1 | ക്ഷീരവികസന ബോധവൽക്കരണം-തുക ദുർവിനിയോഗം ചെയ്തു. | |
| 2003-04 | 3-3 | 2006-07 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല. | |
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല. | |
| 2008-09 | 3-3 | 2011-12 | 2-4 | വെർമികമ്പോസ്റ്റ്-ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം ₹2000/- | |
| 2009-10 | 3-7 | 2011-12 | 2-4 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം ₹18400/- | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| | ചാർജ് സർട്ടിഫിക്കറ്റ് | | | കോടതി വ്യവഹാരങ്ങളിൽ/ | |
|---|---|---|---|---|---|

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | നം./തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 20(1), (2),23 | കെ. കുട്ടപ്പൻ | LF.16858/SC2/ 02/27.3.03 | 842 | 200 | ഇല്ല | ഇല്ല | ഇല്ല | 200 | 642 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 33 | സി. ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/ 8.1.02 | 4399/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4399/- | - |
| 2 | 1997-98 | 36(1) | സി. ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/8.1.02 | 5001/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5001/- | - |
| 3 | 1997-98 | 36(2) | സി. ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/8.1.02 | 24000/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 24000/- | - |
| 4 | 1997-98 | 36(3) | സി. ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/8.1.02 | 297051 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 297051 | - |
| 5 | 1998-99 | 29 39, 35, 41, 42 | കെ. കുട്ടപ്പൻ, സെക്രട്ടറി | LF.16858/ SC2/02/ 27.3.03 | 108664 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 108664 | - |
| 6 | 1998-99 | 48(1)(2) (3)(4) | ജി. സന്തോഷ് കുമാർ, കൃഷി ഓഫീസർ | LF.16858/ Spl.Cell/ SC2/2002 dtd.19.05.2003 | 34492 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 34492 | - |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 7 | 1999-2000 | 26(1, 2), 31, 32 | കെ. കുട്ടപ്പൻ, സെക്രട്ടറി | lF.19012/SC2/02/ dt. 2.6.03 | 55947 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 55947 | - |
| 8 | 2000-01 | 30 | കെ. കുട്ടപ്പൻ, സെക്രട്ടറി | LF.15406/ Sp.cell (SC.2)/2004 dtd.20-04-05 | 940 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 940 | - |
| 9 | 2003-4 | 3-5 | കെ. എസ്. രാജീവ്, സെക്രട്ടറി | LF.14741/ Sp.Cell (SC.2)/2007 dtd.19.10.09 | 23633 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 23633 | |
| 10 | 2003-04 | 3.6 | പുഷ്പവല്ലി എ.ജി., കൃഷി ഓഫീസർ | LF-14741/Spl. Cell/SC2/07 dt.31.3.2009 | 12990 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 12990 | - |
| 11 | 2008-09 | 3.6 | ശ്രീമതി സുജ ജേക്കബ്, ICDS സൂപ്പർവൈസർ | LF.22680/Spl. Cell/ CSC/C1/ 2012/23.5.14/ 20.8.14 | 9106 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9106 | - |
| 12 | 2010-11 & 11-12 | 3.3 | ശ്രീമതി ലൈലാ തോമസ്, കൃഷി ഓഫീസർ | LF-17690/Spl. Cell/CSC/ C1/14(1)/ dt. 8.9.17 | 19000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 19000 | - |
| 13 | 2010-11 & 11-12 | 3-5 | ജോസഫ് മാത്യു, സെക്രട്ടറി | LF-17690/Spl. Cell/CSC/ C1/14/ dt. 14.7.17 | 10050 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10050 | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ അകെ വരവ് | 3,80,08,765 |
| ഓഡിറ്റ് വർഷത്തെ അകെ ചെലവ് | 3,73,77,673 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത ചെലവ് | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ,ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർച്ചാർജ് ചെയ്യുവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരു ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(സി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടയ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരു ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി). നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് (ഖണ്ഡിക നം.) |
|---|---|---|---|
| 1976-77 | എൽ എഫ് ഐ-5/1998/4.5.1998 | | |
| 1977-78 | എൽ എഫ് ഐ-5/1025/82/ 20.1.1998 | | |
| 1980-81 | എൽ എഫ് ഐ-5/191/98/4.5.1998 | | |
| 1981-82 | എൽ എഫ് ഐ-5/874/86/ 12.11.1987 | | |
| 1982-83 | എൽ എഫ് ഐ-5/100/91/ 12.12.1991 | | |
| 1983-84 | എൽ എഫ് ഐ-5/100/91(2)/ 27.12.1991 | | |
| 1984-85 | എൽ എഫ് ഐ-5/100/91(3)/ 27.12.1991 | | |
| 1985-86 | എൽ എഫ് ഐ-5/100/91(4)/ 27.12.1991 | | |
| 1986-87 | എൽ എഫ് ഐ-5/223/91/ 12.10.1992 | | |
| 1987-88 | എൽ എഫ് ഐ-5/391/93/ 22.5.1995 | | |
| 1988-89 & 1989-90 | എൽ എഫ് ഐ-5/69/93/ 22.6.1993 | | |
| 1990-91& 1991-92 | എൽ എഫ് ഐ-5/5/94/ 18.4.1994 | | |

| | | | |
|---|---|---|---|
| 1992-93 1993-94 | എൽ എഫ് ഐ-5/520/95/ 25.3.1996 | | |
| 1994-95 | എൽ എഫ് ഐ-5/283/96/ 8.8.1996 | | |
| 1997-98 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 3 | 33, 36(1), 36-2(ബി), 36(3) |
| 1998-99 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 5 | 23, 35, 39, 41. 48(1,2,3,4) |
| 1998-99 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 5 | 26(1),26(2), 31, 32, 41 |
| 2000-01 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 1 | 30 |
| 2001-02 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | | പൂർണ്ണമായും തീർപ്പാക്കി |
| 2002-03 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | | പൂർണ്ണമായും തീർപ്പാക്കി |
| 2003-04 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 3 | 3-3, 3-5, 3-6 |
| 2004-05 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 1 | 2-6 |
| 2005-06 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | | പൂർണ്ണമായും തീർപ്പാക്കി |
| 2006-07 | എൽ.എഫ്.ഐ-10/594/09/ 08.07.10 | | |
| 2007-08 | എൽ.എഫ്.ഐ-13/1312/12/ 13.03.13 | 24 | 2(2) മുതൽ 2-8 വരെയും 3-1 മുതൽ 3-12 വരെയും |
| 2008-09 | എൽ.എഫ്.ഐ-13/431/12/ 10.10.12 | 13 | 2-1 മുതൽ 2-5 വരെ 3-1 മുതൽ 3-8 വരെ |
| 2009-10 | എൽ.എഫ്.ഐ-13/693/12/ 10.10.12 | 16 | 2-1 മുതൽ 2-5 വരെ 3-1 മുതൽ 3-11 വരെ |
| 2010-11&2011-12 | എൽ.എഫ്.ഐ-13/1221/13/ 15.10.14 | 12 | 2-1,2-2, 3-1 മുതൽ 3-6 വരെയും 3-8, 3-9, 3-11, 3-12 |

| | | | |
|---|---|---|---|
| 2012-13&2013-14 | എൽ.എഫ്.ഐ-13/402/15/ 13.04.15 | 8 | 2-1 മുതൽ 2-5 വരെയും 3-3,3-4,3-7 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-13/ 852/16/ 31.08.16 | 5 | 2-1, 2-2, 3-2, 3-3, 3-4 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-13/ 1697/16/ 20.02.16 | 7 | 2-1, 3-1 മുതൽ 3-6 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-13/ 250/18/ 12.03.18 | 4 | 2-1, 3-2, 3-3, 3-5 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

നം.കെ.എസ്.എ-ഐ.ഡി.കെ-13/1148/2018

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി: 24.09.2018
Ph:04862-227332
E-mail:doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്

ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി